**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 181** **21-01-2021 - ൽ മറുപടിയ്ക്ക്**

**പ്രതിസന്ധിയിലായ എം.എസ്.എം.ഇ. വ്യവസായ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ പി . ,<br>ശ്രീ. സി. ദിവാകരൻ,<br>ശ്രീ . മുല്ലക്കര രത്നാകരൻ ,<br>ശ്രീ. എൽദോ എബ്രഹാം** | | **Shri E. P. Jayarajan<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പമന്ത്രി)** | |
| (എ) | കോവിഡും ലോക്ക് ഡൗണും മൂലം പ്രതിസന്ധിയിലായ എം.എസ്.എം.ഇ. വ്യവസായ സംരംഭങ്ങൾക്ക് ആശ്വാസമേകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ വലിയ തൊഴിൽ ദാതാക്കളാണ് എം.എസ്.എം.ഇ മേഖല. നോട്ട് നിരോധനം, പ്രകൃതി ദുരന്തം തുടങ്ങിയ കാരണങ്ങളാൽ തിരിച്ചടി നേരിട്ട ഈ മേഖല കോവിഡ് - 19 മഹാമാരി കൂടി വരുത്തിവച്ച ലോക്ക് ഡൗൺ ഉൾപ്പെടെയുള്ള വിപരീത സാഹചര്യങ്ങൾ അഭിമുഖീകരിക്കാൻ കഴിയാത്ത വിധം തളർന്നു പോയി. ലോക്ക് ഡൗൺ മൂലം ആവശ്യത്തിന് ഉൽപാദനമില്ലായ്മ, അസംസ്കൃത വസ്തുക്കളുടെ നഷ്ടം, വ്യാപാര നഷ്ടം, തൊഴിൽ വേതനം, ശമ്പള ചെലവുകൾ, ബാങ്ക് ലോൺ അടവ്, മറ്റ് നിയമപരമായ തിരിച്ചടവുകൾ തുടങ്ങിയ പ്രശ്നങ്ങളും അഭിമുഖീകരിച്ച എം.എസ്.എം.ഇ-കളെ സഹായിക്കുന്നതിനായി കേരള സർക്കാർ പ്രഖ്യാപിച്ച ഒരു പ്രത്യേക പാക്കേജ് ആണ് "വ്യവസായ ഭദ്രത”. G.O.(MS).No.56/2020/ID dated 20/05/2020 പ്രകാരം പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജിൽ ചുവടെ വിവരിക്കുന്ന 17പദ്ധതികളാണ് ഉൾപ്പെട്ടിരുന്നത്. 1.പുതിയ ലാൻഡ് പ്രീമിയം പെയ്മെന്റ് പോളിസി 2. ലാൻഡ് പ്രീമിയം ഒരു വർഷത്തേക്ക് മരവിപ്പിക്കുന്നത് 3.മൂന്ന് മാസത്തേക്ക് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) വാടക ഉപേക്ഷിക്കുന്നത് 4. കോമൺ ഫെസിലിറ്റി ചാർജ്ജുകൾ 3 മാസത്തേക്ക് ഉപേക്ഷിക്കുന്നത് 5. KSIDC യിൽ ടോപ് അപ് ലോണുകൾ 6. KSIDC യുടെ നിലവിലുള്ള ഉപഭോക്താക്കൾക്ക് പീനൽ ഇന്ററസ്റ്റ് ഒഴിവാക്കുന്നത് 7. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം 8. KSIDC യുടെയും KINFRA യുടെയുമുള്ള ഒറ്റതവണ തീർപ്പാക്കൽ പോളിസി 9. MSME കൾക്ക് സ്വത്തുക്കൾ സൃഷ്ടിക്കുന്നതിനായി KSIDC നൽകുന്ന പ്രത്യേക വായ്പ , 10. സംരംഭക സഹായ പദ്ധതി (ESS) ഉദാരവൽക്കരിക്കുന്നത്, 11. |

എ) അധിക പ്രവർത്തന മൂലധനത്തിനുവേണ്ടി മാർജിൻ മണി അസിസ്റ്റൻസ് ബി) MSME കൾക്കുള്ള അധിക പ്രവർത്തന മൂലധനത്തിന് പലിശ ധനസഹായം 12. MSME കൾക്ക് നൽകുന്ന അധിക ടേം ലോണിനുള്ള പലിശ ധനസഹായം 13. മൂന്ന് മാസത്തേക്ക് തൊഴിലുടമകൾ നൽകുന്ന ESI വിഹിതം 14.തൊഴിലുടമകളുടെ PF വിഹിതം മൂന്ന് മാസത്തേക്ക് 15. NPA വ്യവസ്ഥകൾ നവീകരിക്കുന്നത് 16. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം 6 മാസത്തേക്ക് ദീർഘിപ്പിക്കുന്നത് 17. MSME കളുടെ മൊറട്ടോറിയം അടയ്ക്കുന്നതിനുള്ള കാലയളവ്. "സംരംഭക സഹായ പദ്ധതി (ESS)” ഉദാരവൽക്കരിക്കുന്നത് നടപ്പിലാക്കുന്നതിലേക്കായി സംരംഭക സഹായ പദ്ധതിയുടെ മാർഗ്ഗ രേഖ G.O.(MS) No.103/2020/ID dated 24/11/2020 ഉത്തരവ് പ്രകാരം ഭേദഗതി ചെയ്ത് നടപ്പിലാക്കി വരുന്നു. ആയതിലെ പ്രധാന സവിഷേതകൾ. 1. SC/ST, വനിതകൾ,യുവാക്കൾ എന്നിവർ ആരംഭിക്കുന്ന MSME യൂണിറ്റുകൾക്ക് നിലവിൽ നൽകിവരുന്ന 20% സബ്സിഡി 25% സബ്സിഡിയായി വർദ്ധിപ്പിച്ചു, ഈ പ്രത്യേക വിഭാഗത്തിലേക്ക് പ്രവാസികൾ ആരംഭിക്കുന്ന MSME യൂണിറ്റുകളെ കൂടി ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതാണ്. 2. മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ട MSME യൂണിറ്റുകളുടെ പട്ടികയിൽ 'Pharmaceutical industries and health care products manufacturing industries' യൂണിറ്റുകളെ ഉൾപ്പെടുത്തി ജനറൽ വിഭാഗത്തിന് അനുവദിക്കുന്ന 15% നിക്ഷേപ സബ്സിഡിയ്ക്ക് പുറമെ 10 % സബ്സിഡി കൂടി അനുവദിച്ചു. അനുവദിക്കുന്ന തുകകൾക്ക് ബന്ധപ്പെട്ട ബാങ്കുകളുടെയും / ധനകാര്യ സ്ഥാപനങ്ങളുടെയും സഹായത്തോടെ ESS ന് ബിൽ ഡിസ്കൗണ്ടിംഗ് സ്കീം (BDS) നടപ്പാക്കുന്നതിന് തീരുമാനിച്ചു. മേൽ വിവരിച്ച പദ്ധതികളുടെ ഭാഗമായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം പരമാവധി ഓരോ ലോണിനും 60,000/-രൂപ വരെ അനുവദിച്ചുവരുന്നുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 37.65 കോടി രൂപ ധന പുന:വിനിയോഗം മുഖാന്തിരം അനുവദിച്ചിട്ടുണ്ട്. ഓൺലൈൻ പോർട്ടലിലൂടെ 15.01.2021 വരെ 243 ലക്ഷം രൂപയുടെ 604 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇവ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ സജീവ പരിഗണനയിലാണ്. കോവിഡ് -19 ന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ആത്മനിർഭർ ഭാരത് പദ്ധതി പ്രകാരം നടപ്പിലാക്കുന്ന

ECLGS (Emergency Credit Line Gurantee Scheme) പ്രകാരം വായ്പ ലഭിച്ചിട്ടുള്ള MSME കൾക്ക് വ്യവസായ വകുപ്പ് ഇപ്പോൾ നടപ്പിലാക്കുന്ന പദ്ധതി പ്രകാരം പലിശ സബ്സിഡി ലഭിക്കുന്നതാണ്. നിലവിലെ കണക്ക് പ്രകാരം സംസ്ഥാനത്തുള്ള ബാങ്കുകൾ 109970 അക്കൗണ്ടുകൾ പ്രകാരം 5595.39 കോടി രൂപ വായ്പ നൽകിയിട്ടുണ്ട്. മൊറോട്ടോറിയം കാലയളവിലുള്ള പലിശ ഒഴിവാക്കി നൽകണമെന്ന് ആവശ്യപ്പെട്ട് ബന്ധപ്പെട്ട അസോസിയേഷനുകളും, സംരംഭകരും നിരവധി കേസുകൾ ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. ഇതിൻമേലുള്ള അന്തിമവിധി അനുസരിച്ചായിരിക്കും ഈ തുകയുടെ വിനിയോഗം സാധ്യമാകുക. കെ. എസ്.ഐ.ഡി. സി നടപ്പിലാക്കിയവ വ്യവസായ ഭദ്രത പാക്കേജ് വഴി കെ. എസ്. ഐ. ഡി. സി യിൽ നിന്നും ആകെ 32.86 കോടി രൂപയുടെ ധനസഹായം ഈ മേഖലക്ക് നൽകി. കെ. എസ്. ഐ. ഡി. സി യുടെ നിലവിലുള്ള സ്റ്റാൻഡാർഡ് ആയ സ്ഥാപനങ്ങൾക്ക് 24.60 കോടി രൂപയുടെ ടോപ്പ് അപ്പ് ലോൺ, 56 ലക്ഷം രൂപയുടെ പീനൽ ഇന്ററസ്റ്റ്, 70 ലക്ഷം രൂപയുടെ compound interest ന്റെ moratorium, 2 കോടി രൂപയുടെ Interest on Land allotment, 5 കോടി രൂപയുടെ OTS എന്നിവയിലാണ് സഹായം നൽകിയിരിക്കുന്നത് . കെ. എസ്. ഐ. ഡി. സി കൊടുത്തിട്ടുള്ള ലോണുകളുടെ പിഴ പലിശ 2020 മാർച്ച് 1 മുതൽ 2021 മാർച്ച് 31 വരെ പൂർണ്ണമായി ഒഴിവാക്കുകയും, മുതലിന്റെയും, പലിശയുടെയും തിരിച്ചടവിന് 6 മാസം സാവകാശം നൽകുകയും ചെയ്തു. നിലവിൽ കെ. എസ്. ഐ. ഡി. സി യുടെ ചുരുങ്ങിയ പലിശനിരക്ക് 8.75 % ആണ്. കോവിഡ് പാക്കേജിന്റെ ഭാഗമായി additional collatoral security ഇല്ലാതെ 8% പലിശനിരക്കിലാണ് അധികലോൺ (Top up Loan) നൽകിവരുന്നത്. കിൻഫ്ര മുഖാന്തിരം നടപ്പിലാക്കിയത് വ്യവസായ ഭദ്രത പക്കേജ് വഴി കിൻഫ്ര 120 സംരംഭകരുടെ വാടക ഇനത്തിൽ അടയ്ക്കാനുള്ള 3.24 കോടി രൂപ എഴുതിത്തള്ളിയിരുന്നു. 120 സംരംഭകരുടെ 0.48 കോടി രൂപയുടെ വാടക വർദ്ധനവ് ഒരു വർഷത്തേയ്ക്ക് നിർത്തി വച്ചിരുന്നു. 538 സംരംഭകരുടെ 0.6 കോടി രൂപ CFC ഇളവ് 3 മാസത്തേയ്ക്ക് നൽകിയിരുന്നു. CFC വർദ്ധനവ് ഒരു വർഷത്തേക്ക് 538 സംരംഭകർക്ക് 0.2 കോടി രൂപയുടെ ഇളവ് നൽകി. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ 320 സംരംഭകരുടെ പലിശ 2.8 കോടി രൂപ എഴുതിത്തള്ളി. ഇപ്രകാരം ആകെ 7.32

| | | | |
|---|---|---|---|
| | | | കോടി രൂപയുടെ ഇളവുകൾ കിൻഫ്ര നൽകിയിട്ടുണ്ട്. സിഡ്കോ വഴി നടപ്പിലാക്കിയത് കേരള സിഡ്കോയുടെ ഉടമസ്ഥതയിൽ വാടക വ്യവസ്ഥയിൽ പ്രവർത്തിക്കുന്നതും കോവിഡ്-19 മൂലം പ്രതിസന്ധിയിലായതുമായ MSME യൂണിറ്റുകളെ സഹായിക്കാനായി 2020 മാർച്ച് മുതൽ 3 മാസത്തേക്കുള്ള വാടക പൂർണ്ണമായും ഇളവ് ചെയ്ത് നൽകി. അപ്രകാരം എൺപതോളം MSME യൂണിറ്റുകൾക്ക് ആനുകൂല്യം ലഭ്യമാക്കുകവഴി ആകെ 19.6 ലക്ഷം രൂപയുടെ സഹായം സിഡ്കോ നൽകുകയുണ്ടായി. ഈ സന്ദർഭത്തിൽ വളരെ ശ്രദ്ധേയമായ കാര്യം കേന്ദ്രസർക്കാർ പ്രഖ്യാപിച്ച അധികവായ്പ എടുക്കാനുള്ള അനുമതി നേടിയ ആകെയുള്ള 8 സംസ്ഥാനങ്ങളിൽ കേരളവും ഉൾപ്പെട്ടിരിക്കുന്നു. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ആവശ്യപ്പെട്ട പരിഷ്കാര നടപടികൾ ധ്രുതഗതിയിൽ സമയബന്ധിതമായി നടപ്പിലാക്കിയാണ് 0.25% അധിക വായ്പയായ ഏകദേശം 2,370 കോടി രൂപയുള്ള അനുമതി സർക്കാരിന് ലഭിച്ചത്. |
| (ബി) | അംഗീകൃത വ്യവസായ പാർക്കുകളിൽ തൊഴിലെടുക്കുന്നവരുടെ പി.എഫ്, ഇ.എസ്.ഐ. എന്നിവയുടെ തൊഴിലുടമാ വിഹിതത്തിന്റെ 75% സർക്കാർ നൽകുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | നിലവിൽ ഇല്ല. |
| (സി) | ജില്ല വ്യവസായകേന്ദ്രം വഴിയെടുത്ത വായ്പകൾക്ക് എന്തൊക്കെ ഇളവുകളാണ് അനുവദിച്ച് നൽകിയതെന്നറിയിക്കുമോ; | (സി) | വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം അനുവദിച്ചിരുന്ന മാർജിൻ മണി വായ്പ കാലാവധി കഴിഞ്ഞിട്ടും തിരിച്ചടയ്ക്കാൻ കഴിയാതിരുന്ന സംരംഭകർക്ക് വേണ്ടി ഈ സർക്കാർ അധികാരമേറ്റ ശേഷം മൂന്ന് പ്രാവശ്യം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുകയുണ്ടായി. ഇപ്രകാരം 760 കേസുകളിലായി 8.89 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. |
| (ഡി) | വ്യവസായഭദ്രതാ പോർട്ടൽ മുഖേന സംരംഭകർക്ക് നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്നറിയിക്കുമോ; | (ഡി) | വ്യവസായ ഭദ്രത പോർട്ടലിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖാന്തിരം നടപ്പിലാക്കുന്ന Scheme for Interest Subvention on Term Loan and working capital loan പദ്ധതിയുടെ അപേക്ഷ വ്യവസായ സംരംഭകർക്ക് ഓൺലൈനായി സമർപ്പിക്കുന്നതിനും ആയതിന്റെ പുരോഗതി സംരംഭകർക്ക് അനുദിനം അറിയാൻ കഴിയും. |
| (ഇ) | കോവിഡ് മൂലം പ്രതിസന്ധിയിലായ സംരംഭകർക്ക് പ്രവർത്തനമൂലധന വായ്പയുടെയും ടേം ലോണിന്റെയും പലിശയിളവ് ലഭ്യമാകുന്നതിന് | (ഇ) | സംരംഭകർക്ക് ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഔദ്യോഗിക വെബ്സൈറ്റായിട്ടുള്ള http://www.industry.kerala.gov.in- എന്ന |

| | | | |
|---|---|---|---|
| | ഓൺലൈൻ പോർട്ടൽ വഴി അപേക്ഷിക്കാമോ; വ്യക്തമാക്കുമോ? | | ലിങ്കിലൂടെയാണ് VYAVASAYA BHADRATHA (COVID 19 Relief Package for MSMEs Interest Subvention for Term Loan & Working Capital Loan) എന്ന പോർട്ടലിൽ പ്രവേശിക്കുന്നത്. ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിലേക്കായി അപേക്ഷകൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതാണ് ക്വാർട്ടർ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.സ്വയം സാക്ഷ്യപ്പെടുത്തിയ UAM രസീത്, ബന്ധപ്പെട്ട ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള നിശ്ചിത പ്രൊഫോർമയിൽ ഉള്ള ശുപാർശ  കത്ത് എന്നിവ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതാണ്. പ്രസ്തുത അപേക്ഷ ബന്ധപ്പെട്ട വ്യവസായ വികസന ആഫീസറുടെ ലോഗിനിൽ ലഭിക്കുകയും ടിയാൻ ആയത് പരിശോധിച്ച് യോഗ്യമായ അപേക്ഷകൾ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് സമർപ്പിക്കുകയും ന്യൂനതകളുള്ള അപേക്ഷകൾ അപേക്ഷകന് തിരികെ പോർട്ടലിലൂടെ ന്യൂനത പരിഹരിക്കുന്നതിലേയ്ക്ക് നൽകുകയും ചെയ്യുന്നു. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ   ആഫീസിൽ ലഭിച്ച അപേക്ഷകൾ മുൻഗണനാക്രമം പാലിച്ച്കൊണ്ട് അംഗീകരിച്ച് തുക അപേക്ഷകന്റെ ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകുന്നു. |

സെക്ഷൻ ഓഫീസർ